# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD - P(11) 398/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 11/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD - P(11) 398/23 തീയ്യതി: 11/04/2023

## പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 13-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-02-2023 | 21-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2023 | 21-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത.യു., ഓഡിറ്റ് ഓഫീസർ
ശ്രീമതി നസീറാബാനു.എ., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അനില സി.എസ്., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വിനി ടി.കെ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി രേവതി ബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഗോപാലകൃഷ്ണ പിള്ള | സെക്രട്ടറി | 01-04-2021 | 22-06-2021 |
| ശ്രീമതി ബീന എം.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-06-2021 | 12-07-2021 |
| ശ്രീ ഗോപാലകൃഷ്ണ പിള്ള | സെക്രട്ടറി | 13-07-2021 | 03-09-2021 |
| ശ്രീമതി ബീന എം.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-09-2021 | 13-09-2021 |
| ശ്രീ ഗോപാലകൃഷ്ണ പിള്ള | സെക്രട്ടറി | 14-09-2021 | 15-11-2021 |
| ശ്രീമതി ബീന എം.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-11-2021 | 02-01-2022 |
| ശ്രീ ഗോപാലകൃഷ്ണ പിള്ള | സെക്രട്ടറി | 03-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീന എം.എസ് | അസി.സെക്രട്ടറി | 01-04-2021 | 01-03-2022 |
| ശ്രീമതി നന്ദിനി സി | അസി.സെക്രട്ടറി | 02-03-2022 | 31-03-2022 |
| ശ്രീ ഷമീർ കെ.എം | അസി.എൻജിനീയർ | 01-04-2021 | 30-10-2021 |
| ശ്രീ രവി വി | അസി.എൻജിനീയർ | 31-10-2021 | 31-03-2022 |
| ശ്രീമതി ശ്രീദേവി എം | കൃഷി ഓഫീസർ | 01-04-2021 | 10-10-2021 |
| ശ്രീ വിനോദ് കുമാർ ബി.എസ് | കൃഷി ഓഫീസർ | 11-10-2021 | 31-03-2022 |
| ഡോ. എസ് അനന്തൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 19-10-2021 |
| ഡോ. ദാമോദരൻ | വെറ്ററിനറി സർജ്ജൻ | 20-10-2021 | 31-03-2022 |
| ഡോ. ഗൗരി സോമനാഥ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 18-05-2021 |
| ഡോ. ആര്യ സി അർജ്ജുൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 19-05-2021 | 31-03-2022 |
| ഡോ. സീമ എം ചന്ദ്രൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. ഉമ സി.വി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 10-12-2021 |
| ഡോ. സുനിത ആർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 11-12-2021 | 31-03-2022 |
| ശ്രീമതി ലളിത സി | വി.ഇ.ഒ 1 | 01-04-2021 | 31-03-2022 |
| ശ്രീ മൂർത്തി | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ലത ഇ.എൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 02-12-2021 |
| ശ്രീമതി മഹേശ്വരി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 03-12-2021 | 31-03-2022 |
| ശ്രീമതി പ്രിയങ്ക യു.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ ബാബുരാജ് | ഹെഡ് മാസ്റ്റർ | 01-04-2021 | 30-11-2021 |
| ശ്രീ ബാലകുമാർ | ഹെഡ് മാസ്റ്റർ | 01-12-2021 | 31-03-2022 |
| ശ്രീ മനോജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 01-09-2021 |
| ശ്രീ രാജേഷ് എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-09-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധനയുടെ വിവരങ്ങൾ | 1-2-1 |
| 4 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു | 1-2-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | കാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി നിർണ്ണയം അപാകതകൾ | 1-11 |
| 13 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പ് കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല | 1-11-1 |
| 14 | ഒരേ വിസ്തീർണ്ണമുള്ള ഒരേ ഗണത്തിലുള്ള കെട്ടിടങ്ങളിൽ നിന്ന് വ്യത്യസ്ത വസ്തുനികുതി ഈടാക്കുന്നു | 1-11-2 |
| 15 | വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം | 1-11-3 |
| 16 | റസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 1-11-4 |
| 17 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു | 1-11-5 |
| 18 | ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 19 | പഞ്ചായത്തിന്റെ പരിധിയിലുള്ള ഫ്യുവൽ സ്റ്റേഷൻ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-12-1 |
| 20 | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല | 1-12-2 |
| 21 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-13 |
| 22 | വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-13-1 |
| 23 | FTE & OS ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-13-2 |
| 24 | വ്യാപാരികളുടെ തൊഴിൽ നികുതി റിട്ടേണുകൾ ഹാജരാക്കിയിട്ടില്ല | 1-13-3 |

| | | |
|---|---|---|
| 25 | ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും യഥാർത്ഥ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ 5,94,297.51 രൂപയുടെ വ്യത്യാസം | 1-14 |
| 26 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് | 1-15 |
| 27 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-16 |
| 28 | ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ -അവലോകനം | 1-17 |
| 29 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-18 |
| 30 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-19 |
| 31 | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായ വിവരം ഉറപ്പുവരുത്തിയിട്ടില്ല | 1-20 |
| 32 | സി പി ആർ സി എസ് മുഖേനയുള്ള വാങ്ങൽ - ഉപകരണം ലഭ്യമായിട്ടില്ല | 1-21 |
| 33 | KMSCL-ന് കൈമാറിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല | 1-22 |
| 34 | കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-23 |
| 35 | കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-24 |
| 36 | സ്കൂളുകൾക്ക് ഷീപാഡ് വിതരണം - കൈമാറിയ തുകയ്ക്കുള്ളത് ലഭ്യമായിട്ടില്ല | 1-25 |
| 37 | ബഡ്സ് സ്കൂൾ പ്രവർത്തനം | 1-26 |
| 38 | ജി എസ് ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടില്ല | 1-27 |
| 39 | ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങൽ നടത്തി | 1-28 |
| 40 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല | 1-29 |
| 41 | പട്ടികജാതിക്കാരായ സാധുക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1-30 |
| 42 | വൃദ്ധർക്ക് കട്ടിൽ - പ്രൊജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ | 1-31 |
| 43 | അങ്കണവാടികൾക്ക് ഉപകരണം - ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങൽ നടത്തി | 1-32 |
| 44 | പി എം എ വൈ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-33 |
| 45 | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-34 |
| 46 | ചെലവു പത്രികയിൽ ശുചിത്വ മിഷൻ ചെലവ് ഉൾപ്പെട്ടിട്ടില്ല | 1-35 |
| 47 | സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിൽ അപാകങ്ങൾ നിലനിൽക്കുന്നു | 1-36 |
| 48 | MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്നും GST സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-1 |

| ഭാഗം **4** | | |
| --- | --- | --- |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 22 -02-21 തീയതിയിലെ യോഗ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 71758452 |
| തൻവർഷം വരവ് | 426512643 |
| ആകെ വരവ് | 498271095 |
| ചെലവ് | 464009292 |
| നീക്കിയിരിപ്പ് | 34261803 |

ബജറ്റിൽ ₹498271095 വരവും ₹464009292 ചെലവും വകയിരുത്തിയെങ്കിലും വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് ₹125934197 ചെലവ് ₹91383359 ആണ്. പുതുക്കിയ ബജറ്റ് തയ്യാറാക്കുമ്പോഴും അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുമ്പോഴും തൻവർഷം നാളിതുവരെയുള്ള വരവു ചെലവുകൾ പരിഗണിക്കുന്നില്ല. അതുകൊണ്ടുതന്നെ യഥാർത്ഥ വരവ് ചെലവിന് ഇരട്ടിയിലധികമാണ് ബജറ്റിൽ വരവിലും ചെലവിലും വകയിരുത്തുന്നത്. ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനായി GO(Rt)No.3291/2016/LSGD/02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച മാന്വലിലെ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 13-07-2022 | - | - |

### 1-2-1 വാർഷിക കണക്ക് പരിശോധനയുടെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.
എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ
ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ
സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

2.ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം ( 1523962/-) , ജില്ലാ പഞ്ചായത്ത് വിഹിതം (677069/-) എന്നിവ ഏതെല്ലാം സംയുക്ത പദ്ധതികളുടെ നീക്കിയിരുപ്പാണെന്ന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

4. ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

വികസന ഫണ്ട് (ജനറൽ) - ഇതിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 6204790/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരമുള്ള ചെലവ്എ.സി.ആർ പ്രകാരമുള്ള ചെലവിൽ നിന്ന് വ്യത്യസ്തമാണ്. (വാർഷിക കണക്കിൽ 7652/-രൂപ കുറവാണ്)

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 6204790/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് നെഗറ്റീവ് ആണ്.

5. MGNREGS – വാർഷിക കണക്ക് പ്രകാരമുള്ള ചെലവുകൾ MGNREGS കാഷ് ബുക്കിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. കാഷ് ബുക്ക് പ്രകാരം ചെലവ് 79803813/- രൂപയും, I&E Statement Schedule -I-6 പ്രകാരം 2157226/- രൂപയുമാണ്.

6. Balance Sheet Schedule B- 18 – Advance To Implementing Agencies – തുകകൾ ഉൾപ്പെട്ടു കാണുന്നില്ല . ആയത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൻവർഷം KSEB യിലേക്ക്

1224319/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിലെ പദ്ധതികൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം അതാത് നിർവ്വഹണ ഏജൻസിയിൽ നിന്ന് ലഭ്യമാക്കി പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

നിക്ഷേപ പ്രവ്യത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത നാളിതുവരെയുള്ള മുഴുവൻചെലവും ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തേണ്ടതാണ്.

7. അഡ്വാൻസ് രജിസ്റ്ററിൽ ക്രമീകരിക്കുവാനുള്ള തുകകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അതാത് ലെഡ്ജറുകളിലും Narration പൂർണ്ണമല്ല.

8. ഡെപ്പോസിറ്റ് - രജിസ്റ്റർ പൂർണ്ണമല്ല. വാട്ടർ ഡെപ്പോസിററ് 135000/- Ledger ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ ലഡ്ജറുകളിൽ Narration പൂർണ്ണമല്ല.

9. ഇൻവെസ്റ്റ്മെന്റ് - രജിസ്റ്റർ പ്രകാരം 17704731/- രൂപയും, ബാലൻസ് ഷീറ്റ് പ്രകാരം 16507908/-രൂപയുമണ്. വാർഷിക കണക്ക് പ്രകാരമുള്ള തുകയിൽ പലിശ ഉൾപ്പെടുത്തിട്ടിയില്ല.

10. തൊഴിൽ നികതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

11. കെട്ടിട നികുതി വാർഷിക സംക്ഷിപ്തം- , സഞ്ചയയിൽ നിന്നുള്ള വാർഷിക Abstract പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡി.സി.ബി യുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

12. FACTEOS ലൈസൻസ് രജിസ്റ്ററിൽ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡി.സി.ബി യുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

13. വെള്ളക്കരം രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

14. വാർഷിക കണക്ക് ഷെഡ്യൂൾ -RP 40(b) പ്രകാരം നീക്കിയിരിപ്പുള്ള താഴെപ്പറയുന്ന അക്കൗണ്ടുകളുടെ Reconciliation Statements പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | അക്കൗണ്ട് | നീക്കിയിരുപ്പ് |
|---|---|---|
| 1 | Treasury Own Fund-VPFA-1-3 | 310485 |
| 2 | Canara Bank (Distress Relief Fund) | 27502 |
| 3 | STSB Own Fund | 662288 |

| | | |
|---|---|---|
| 4 | Canara Bank – CFLTC | 50000 |
| 5 | Bank Of India Saksharatha | 53372 |
| 6 | Treasury Special TSB | 122677 |

### 1-2-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു

സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017 /ഫിൻ/തീയതി 23.01.2017 പ്രകാരം ഡി.പി.സി അംഗീകരിച്ച പ്രൊജക്ട് നടപ്പാക്കുന്ന മുഖ്യ സ്ഥാപനത്തിന് ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് തുറക്കാവുന്നതാണെന്നും ഷെയർ നൽകുന്ന സ്ഥാപനങ്ങൾ സെപ്റ്റംബർ 30 നകം തുക ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ഈ അക്കൗണ്ടിൽ നിന്നും പിന്നീട് ചെക്ക് മുഖേന തുക പിൻവലിക്കാവുന്നതാണ്. പ്രൊജക്ട് നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി, ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേ ക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്.

2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി കൈമാറിക്കിട്ടിയ തുകകളുടെ നീക്കിയിരുപ്പ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 1523962
ജില്ലാ പഞ്ചായത്ത് വിഹിതം – 677069

മേൽ തുകകൾ ഏതെല്ലാം വർഷങ്ങളിലെ സംയുക്ത പദ്ധതികളുടെ നീക്കിയിരുപ്പാണെന്ന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വ്യക്തമല്ല. നീക്കിയിരുപ്പ് ഏത് അക്കൗണ്ടിലാണ് നിലനിൽക്കുന്നത് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം -18/20.02.23)
നീക്കിയിരുപ്പിന്റെ വിശദ വിവരങ്ങൾ പരിശോധിച്ച് വിനിയോഗത്തിലില്ലാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13484253 |
| വരവ് | 112449944 |
| ആകെ | 125934197 |
| ചെലവ് | 91383359 |
| നീക്കിയിരിപ്പ് | 34550838 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| *വികസനഫണ്ട് -ജനറൽ | 0 | 18485068 | 18485068 | 16965306 | 1519762 |
| **വികസനഫണ്ട് - എസ്.സി.പി | 0 | 15277657 | 15277657 | 14997541 | 280116 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 34750317 | 34750317 | 10281398 | 24468919 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 11209555 | 11209555 | 2875817 | 8333738 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 0 | 6475000 | 6475000 | 2694417 | 3780583 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 13558198 | 13558198 | 3370784 | 10187414 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്- ഗ്രാന്റ്- ബാങ്ക് | 0 | 4396399 | 4396399 | 2237899 | 2158500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 5854375 | 5854375 | 5059882 | 79449 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 2544825 | 1430576 | 3975401 | 2801438 | 1173963 |

***തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5660 | 3381462.84 | 3387122.84 | 3381550.85 | 5572 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | - | 76422262.16 | 76422262.16 | 76422262.16 | 0 |
| ആകെ | 5660 | 79803725 | 79809385 | 79803813 | 5572 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് (Performance Based Incentive) | 3955899 | 400000 | 4355899 | 3574920 | 780979 |

* വികസന ഫണ്ട് (ജനറൽ) - ഇതിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 6204790/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരമുള്ള ചെലവ്എ.സി.ആർ പ്രകാരമുള്ള ചെലവിൽ നിന്ന് വ്യത്യസ്തമാണ്. (വാർഷിക കണക്കിൽ 7652/-രൂപ കുറവാണ്)

**വികസന ഫണ്ട് (എസ്.സി.പി) - ഇതിൽ ജി.ഒ പ്രൊജക്ടായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിന്റെ ആകെ തുക 197843/- രൂപ വരവ് ചെലവിൽ ഉൾപ്പെടുന്നില്ല.

***MGNREGS - വാർഷിക കണക്ക് പ്രകാരമുള്ള ചെലവുകൾ MGNREGS കാഷ് ബുക്കിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. കാഷ് ബുക്ക് പ്രകാരം ചെലവ് 79803813/- രൂപയും, I&E Statement Schedule

-I-6 പ്രകാരം 2157226/- രൂപയുമാണ്.

ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 6204790/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് നെഗറ്റീവ് ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 160414979 | 163 | 73258908 | - | 72 | 69 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 69% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 46% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 11856399 | 9444567 | 80 |
| വെറ്ററിനറി സർജൻ | 8 | 8 | 5876800 | 2512865 | 43 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 775000 | 646696 | 83 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 4 | 525000 | 484417 | 92 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വി.ഇ.ഒ | 15 | 10 | 51344689 | 12542560 | 24 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 8605500 | 6885908 | 80 |
| സെക്രട്ടറി | 30 | 14 | 24835843 | 10047035 | 40 |
| അസി.സെക്രട്ടറി | 11 | 4 | 4740420 | 1805384 | 38 |
| അസിസ്റ്റന്റ് | 133 | 95 | 42447235 | 23079389 | 54 |

| | | | | | |
|---|---|---|---|---|---|
| എഞ്ചിനീയർ | | | | | |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 1130345 | 1130345 | 100 |
| ഹെഡ്മാസ്റ്റർ | 9 | 6 | 5375000 | 4038994 | 75 |
| ആകെ | 235 | 163 | 160414979 | 73258908 | 46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5660 | 3381462.84 | 3387122.84 | 3381550.85 | 5572 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | - | 76422262.16 | 76422262.16 | 76422262.16 | 0 |
| ആകെ | 5660 | 79803725 | 79809385 | 79803813 | 5572 |

എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് വരവ്ചെലവുകൾ കാഷ് ബുക്ക് പ്രകാരമുള്ളതാണ്ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.02.2023 ന് 02.25 PM മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ (അക്കൌണ്ടന്റ് ) സാന്നിധ്യത്തിൽ നടത്തി. 58,946/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 23.01.23 പ്രാബല്യത്തിൽ 22.01.26വരെ ലഭ്യമായിട്ടുണ്ട്. പൗരാവകാശ രേഖ 2021ൽ പുതുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

മുൻ വർഷങ്ങളിലെ സംയുക്ത പദ്ധതികളുടെ നീക്കിയിരുപ്പ് വ്യക്തമാക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ, വായ്പ എന്നിവയുടെ രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും ആയതിന്റെ പ്രവർത്തനങ്ങൾ സ്പിൽ ഓവറായി നടപ്പാക്കിവരുന്നു.

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

7.03.22 മുതൽ 11.03.22 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1.04.2016മുതൽ 31.01.2022വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ല. 17-10-22തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ആഗസ്റ്റ്/22, സെപ്റ്റംബർ/22 എന്നീ മാസങ്ങൾ വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 വസ്തുനികുതി നിർണ്ണയം അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പ് കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കിയ തുക വിനിയോഗിച്ച് വാങ്ങിയ ആംബുലൻസിന്റെ (ഇന്ദിര പ്രയദർശിനി ആംബുലൻസ് സർവ്വീസസ്) ലോഗ് ബുക്ക് പരിശോധിച്ചതിൽ കൃപ ഫ്യുവൽസ് എന്ന പെട്രോൾ പമ്പിൽ നിന്നുമാണ് വാഹനത്തിന് ഇന്ധനം നിറച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയറായ സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ എന്ന ഗണത്തിൽ ഫ്യുവൽ സ്റ്റേഷൻ എന്ന ഉപയോഗക്രമത്തിൽ 6/136 നമ്പർ കെട്ടിടത്തിൽ സുനിൽ,സുധീഷ് -കപ്പിയോട്, എലപ്പുള്ളി എന്നിവരുടെ ഉടമസ്ഥതയിൽ കൃപ ഫ്യുവൽസ് എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നു. സഞ്ചയയിലെ വസ്തു നികുതി നിർണ്ണയവിവരങ്ങൾ പരിശോധിച്ചതിൽ ഈ കെട്ടിടം 2018-19 ആദ്യപകുതിയിൽ പൊളിച്ചുമാറ്റപ്പെട്ടതായാണ് ഫോം-6 ൽ രേഖപ്പെടുത്തിയിട്ടുള്ളത്.
പഞ്ചായത്തിലുള്ള ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കൃപ ഫ്യുവൽസിൽ നിന്ന് ഇന്ധനം നിറച്ചതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. (ഉദാഹരണത്തിന് ബിൽ നമ്പർ-330657 തീയതി-16.07.2022) .

പൊളിച്ചുമാറ്റപ്പെട്ട കെട്ടിടം പ്രവർത്തിച്ചു തുടങ്ങിയിട്ടും കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയം നടത്തി നികുതി ഈടാക്കുകയോ ചെയ്യിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-07/17.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതമുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-11-2 ഒരേ വിസ്തീർണ്ണമുള്ള ഒരേ ഗണത്തിലുള്ള കെട്ടിടങ്ങളിൽ നിന്ന് വ്യത്യസ്ത വസ്തുനികുതി ഈടാക്കുന്നു

ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ഒരേ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത വസ്തുനികുതി ഈടാക്കുന്നതായി കാണപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.കെട്ടിട നമ്പർ- 15/59

കെട്ടിട ഉടമയുടെ പേര്, വിലാസം-ഗോപാലൻ, നോമ്പിക്കോട്എലപ്പുള്ളി

വിസ്തീർണ്ണം/തരം- 8ച.മീ, പെട്ടികടകൾ

പഴയ അസ്സസ്സ് മെൻറ് തരം- ARV
നികുതി നിലവിൽ വന്ന വർഷം 2013-Ist Half

നിർണ്ണയിച്ച വസ്തുനികുതി

അടിസ്ഥാന വസ്തു നികുതി നിരക്ക്( ച .മീ) രൂപ -60

അടിസ്ഥാന വസ്തു നികുതി രൂപ -480

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ

മേൽക്കൂര – 10 %

കാലപ്പഴക്കം-10%(10 വർഷം മുതൽ 25 വർഷത്തിന് താഴെ വരെ (20 വർഷം))

ആകെ ഇളവ്- 20%= 96/-

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ

വഴി സൗകര്യം-20%

ആകെ വർദ്ധനവ്- 20%= 96/-

ആകെ വസ്തു നികുതി
അടിസ്ഥാന വസ്തു നികുതി -480

ലൈബ്രറി സെസ്സ് -24

ഈടാക്കേണ്ട ആകെ വസ്തു നികുതി -504 രൂപ(480+24)
ഈടാക്കിയ ആകെ വസ്തു നികുതി -504 രൂപ

2)കെട്ടിട നമ്പർ- 18/95

കെട്ടിട ഉടമയുടെ പേര്, വിലാസം-കൃഷ്ണമൂർത്തി, എലപ്പുള്ളി തറ

വിസ്തീർണ്ണം/തരം- 8ച.മീ, പെട്ടികടകൾ

പഴയ അസ്സസ്സ് മെൻറ് തരം- ARV
നികുതി നിലവിൽ വന്ന വർഷം 2013-Ist Half

നിർണ്ണയിച്ച വസ്തുനികുതി

അടിസ്ഥാന വസ്തു നികുതി നിരക്ക്( ച .മീ) രൂപ -60

അടിസ്ഥാന വസ്തു നികുതി രൂപ -480

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ

മേഖല- 10%

മേൽക്കൂര – 10 %

കാലപ്പഴക്കം-20%(25 വർഷം മുതൽ 50 വർഷത്തിന് താഴെ വരെ (28 വർഷം))

ആകെ ഇളവ്- 40%= 196/-

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ-ഇല്ല
ഈടാക്കേണ്ട വസ്തു നികുതി
അടിസ്ഥാന വസ്തു നികുതി -284, ലൈബ്രറി സെസ്സ് -15
ആകെ 299 രൂപ(284+15)

ഈടാക്കിയ ആകെ വസ്തു നികുതി
അടിസ്ഥാന വസ്തു നികുതി -44, ലൈബ്രറി സെസ്സ് -3

ആകെ 47 രൂപ(44+3)

ക്രമനമ്പർ 1 കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി 504 രൂപയാണ്. ഈടാക്കിയിട്ടുള്ളതും 504 രൂപയാണ്. എന്നാൽ ക്രമനമ്പർ 2 കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി 299 രൂപയും ഈടാക്കിയിട്ടുള്ളത് 47 രൂപയുമാണ്. ക്രമനമ്പർ 1 കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഈടാക്കുകയും ക്രമനമ്പർ 2 കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതിയിൽ 47 രൂപമാത്രം ഈടാക്കിയിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-23/21.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയം പരിശോധിക്കേണ്ടതും തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-3 വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 70 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 19/576 | ദീപ.ഒവി, സാന്ത്വനം, പണ്ടാരക്കാവ്, എലപ്പുള്ളി | 104 ഷോപ്പുകൾ | 50x104=5200<br>ഇളവ് =10%<br>വർദ്ധനവ്=ഇല്ല<br>BT=4680<br>LC=234<br>Total=4914 | 70x104=7280<br>ഇളവ്=10%<br>വർദ്ധനവ്=ഇല്ല<br>BT=6552<br>LC=328<br>Total=6880 | 2021 Ist Half | 1966 |
| 2 | 16/561 | രാമചന്ദ്രൻ, തീർത്ഥംപാടം, തേനാരി | 196.1 ഷോപ്പുകൾ | 50x196.1=9805<br>ഇളവ് = ഇല്ല<br>വർദ്ധനവ്=20%<br>BT=11766<br>LC=589<br>Total=12355 | 70x196.1=13727<br>ഇളവ് = ഇല്ല<br>വർദ്ധനവ്=20%<br>BT=16473<br>LC=824<br>Total=17297 | 2017 Ist Half | 4942 |
| | ആകെ | | | | | | 6908 |

100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള മേൽ കെട്ടിടങ്ങള വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തിയതിനാൽ 6908രൂപ പ്രതിവർഷ നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-7/17.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.) അതുകൊണ്ടുതന്നെ മേൽ കെട്ടിടങ്ങളുടെ ഫോം-6 പരിശോധിക്കേണ്ടതും

കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതും കെട്ടിടത്തിന്റെ ഫോം-6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-11-4 റസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 08-09-2020 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം റസിഡൻഷ്യൽ ഹോം സ്റ്റേകൾകൾക്ക് ചതുരശ്ര മീറ്ററിന് ഏറ്റവും കുറഞ്ഞ നിരക്ക് 10 രൂപയും കൂടിയ നിരക്ക് 25 രൂപയായും സർക്കാർ നിശ്ചയിച്ച നൽകിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയറായ സഞ്ചയയിൽ പ്രസ്തുത നിരക്ക് ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-7/17.02.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-11-5 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, ഷോപ്പുകൾ എന്നീ കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. 2013ന് മുമ്പ് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ആയതിനാൽ നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | തരം |
|---|---|---|---|
| 1 | 1/575 | 143 | ഗോഡൌൺ |
| 2 | 1/576 | 107 | ഗോഡൌൺ |
| 3 | 3/170 | 178 | ഗോഡൌൺ |
| 4 | 4/460 | 238 | ഷോപ്പുകൾ |
| 5 | 4/461 | 238 | ഷോപ്പുകൾ |
| 6 | 4/462 | 323 | ഷോപ്പുകൾ |
| 7 | 5/88 | 180 | ഷോപ്പുകൾ |
| 8 | 6/570 | 190 | ഗോഡൌൺ |
| 9 | 9/708 | 241 | ഗോഡൌൺ |
| 10 | 9/709 | 829 | ഗോഡൌൺ |
| 11 | 9/710 | 630 | ഗോഡൌൺ |
| 12 | 11/32 | 140 | ഗോഡൌൺ |
| 13 | 16/173 | 230 | ഗോഡൌൺ |
| 14 | 16/199 | 245 | ഗോഡൌൺ |
| 15 | 16/266 | 103 | ഗോഡൌൺ |
| 16 | 17/225 | 430 | ഗോഡൌൺ |
| 17 | 18/12 | 115 | ഹോട്ടൽ |
| 18 | 18/314 | 105.49 | ഷോപ്പുകൾ |
| 19 | 22/359 | 112 | ഗോഡൌൺ |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 07/17.02.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷനിൽ മേൽ അപാകതകൾ പരിഹരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-12 ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 പഞ്ചായത്തിന്റെ പരിധിയിലുള്ള ഫ്യൂവൽ സ്റ്റേഷൻ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ പരിധിയിൽ 'കൃപ ഫ്യൂവൽസ് ' എന്ന പേരിൽ ഫ്യൂവൽ സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലുള്ള ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കൃപ ഫ്യൂവൽസിൽ നിന്ന് ഇന്ധനം നിറച്ചതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. (ഉദാഹരണത്തിന് ബിൽ നമ്പർ-330657 തീയതി-16.07.2022) . എന്നാൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ ഈ സ്ഥാപനം ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 13/20.02.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിലുള്ള ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽ സ്ഥാപനത്തെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-12-2 വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 17, ചട്ടം 18 എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് ഈ നിയമങ്ങളുമായി ചേർത്തിട്ടുള്ള പട്ടിക-IIIൽ നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട പരമാവധി ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 133/2021-22 /A2-3012/21 Dtd 01.04.2021 | ശ്രാരാമ ഇൻഡസ്ട്രീസ്, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം | 110.5 HP | 2000 | 1100 | 900 |
| 2 | 132/2021-22 /A2-3627/21 Dtd 01.04.2021 | എക്സൽ കൊറുഗേറ്റഡ് ബോക്സസ് പ്രൈവറ്റ് ലിമിറ്റഡ് | 58.2 KW KSEB Power (78.05 HP)<br>63 KVA DG Set(84.45 HP) | 2000 | 1000 | 1000 |

| | | | | | | |
|---|---|---|---|---|---|---|
| | | | ആകെ-162.5 HP | | | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/20.02.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന പരമാവധി ഫീസാണ് പട്ടിക-IIIൽ നൽകിയിട്ടുള്ളത്. പരമാവധിയിൽ കുറഞ്ഞ ഫീസ് ഈടാക്കുന്നതിൽ ഏകീകൃത സ്വഭാവവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ലാബ് നിശ്ചയിക്കേണ്ടതും അതിനനുസൃതമായി ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് താമസിച്ചുകൊണ്ട് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, എലപ്പുള്ളി പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-13-1 വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഇ പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം തൊഴിൽനികുതി ഈടാക്കാൻ ബാധ്യസ്ഥരായവരോട് അവരുടെ നിയന്ത്രണത്തിൽ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും ആവശ്യപ്പെടേണ്ടതും ലഭിക്കുന്ന വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്. വകുപ്പ് 205 ഐ പ്രകാരം ഈ രജിസ്റ്ററിലുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡിമാന്റ് രജിസ്റ്റർ ഉണ്ടെങ്കിലും കൃത്യമായ ഡിമാന്റ് വിവരങ്ങളോ കളക്ഷനോ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച 16.02.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ: 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

### 1-13-2 FTE & OS ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകളിൽ ജോലി ചെയ്യാനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർത്ത പ്രകാരമാണ്. എന്നാൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (അപേക്ഷ പ്രകാരം) |
|---|---|---|
| 1 | കെ.പി.ആർ റൈസ് മിൽ, പള്ളത്തേരി | 7 |
| 2 | ടൈറ്റാൻ ടി.എം.ടി സ്റ്റീൽ ബാർസ്, മണിയേരി | 5 |

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/16.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ

എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-13-3 വ്യാപാരികളുടെ തൊഴിൽ നികുതി റിട്ടേണുകൾ ഹാജരാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ വ്യാപാരികളുടെ/വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഇനത്തിലെ വരവ് 2,03,110/-രൂപയാണ്(കോഡ് -431190101). എന്നാൽ തൊഴിൽ നികുതി റിട്ടേണുകൾ ഹാജരാക്കിയിട്ടില്ല. 16.02.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ-6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1),(2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കുന്നവരിൽ നിന്ന് റിട്ടേൺ വാങ്ങിക്കേണ്ടതാണ്.

1-14 ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും യഥാർത്ഥ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പും തമ്മിൽ 5,94,297.51 രൂപയുടെ വ്യത്യാസം

അക്കൌണ്ട് നമ്പർ-36253958060

ബാങ്കിന്റെ പേര്- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എലപ്പുള്ളി ശാഖ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എലപ്പുള്ളി ശാഖയിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഓൺ ഫണ്ട് അക്കൌണ്ടിന്റെ (കോഡ്-450210102) 2022 മാർച്ച് മാസത്തെ ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്- 74,21,953

ബാങ്ക് അക്കൌണ്ടിലുള്ള നീക്കിയിരിപ്പ് - 74,21,953

മേൽ അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 68,27,655.49 രൂപയാണ് നീക്കിയിരിപ്പായുള്ളത്. ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയേക്കാൾ 5,94,297.51 രൂപ കുറവാണ് യഥാർത്ഥ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ്. 31.03.2022 തീയതിയിൽ ബാങ്കിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുള്ള താഴെ പറയുന്ന ചെക്കുകൾ ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 747381 | 3,94,298 |
| 2 | 747382 | 1,00,000 |
| 3 | 747383 | 90,000 |
| 4 | 747384 | 10,000 |
| ആകെ | | 5,94,298 |

വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/21.02.2023) മറുപടി ലഭ്യമാക്കിട്ടില്ല.

1-15 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

എ)കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ല

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന മൂന്ന് കുടിവെള്ള പദ്ധതികളായ തേനാരി കുടിവെള്ള പദ്ധതി,

പ്ലാസംപതി കുടിവെള്ള പദ്ധതി, പടച്ചൻകാവ് കുടിവെള്ള പദ്ധതി എന്നിവയിൽ 2021-22 ൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ, 3/15.02.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമായ ചെലവുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം, മീറ്റർ റീഡിംഗ് വേതനം | 174518 |
| മോട്ടോർ റിപ്പയറിംഗ്, അറ്റകുറ്റ പണികൾ | 101286 |
| ഇലക്ട്രിസിറ്റി ചാർജ് | 176105 |
| ആകെ | 451909 |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സംരക്ഷണം എന്നിവയ്ക്ക് പ്രതിമാസം 4,51,909 രൂപ ചെലവ് വരുന്നുണ്ട്. സ.ഉ.(സാ) നമ്പർ 1275/2009/ തസ്വഭവ തീയതി.30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പറഞ്ഞ 3 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ ചുമതല നാളിതുവരെ ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് തനത് ഫണ്ടിലെ ചെലവ് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.
ബി)പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സംയുക്ത പരിശോധന നടത്തിയിട്ടില്ല.
കേരള വാട്ടർ അതോറിറ്റിയുടെ 2021 ജൂണിലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 8 പൊതു ടാപ്പുകളുണ്ട്. ടാപ്പൊന്നിന് ഒരു വർഷം 5512.5 രൂപയാണ് വാട്ടർ ചാർജ്ജിനത്തിൽ ഒടുക്കേണ്ടി വരുന്നത്. പ്രതിമാസം 3675 രൂപയുടെ വെള്ളക്കരം കൃത്യമായി ഒടുക്കി വരുന്നുണ്ട്. കുടിശ്ശിക നിലവിലില്ല.

പൊതുടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമത എന്നിവ വിലയിരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, സംയുക്ത പരിശോധന നടത്താത്തപക്ഷം ആയതിന് സ്വീകരിച്ച നടപടികൾ എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 25/20-02-2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1.കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണ്.

2.സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ വാട്ടർ അതോറിറ്റിയുമായുള്ള സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായവക്ക് മാത്രം വാട്ടർ ചാർജ് ഒടുക്കേണ്ടതാണ്.
തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വിവിധ പട്ടികജാതി കോളനികളിലേക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പോസ്റ്റ് മാറ്റൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 25.03.22 ലെ ഭരണസമിതിയുടെ 2(4) -ാം നമ്പർ തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം. | ബിൽ നം. , തിയ്യതി | കരാർ ഉടമ്പടി നമ്പർ | പ്രൊജക്റ്റ് അടങ്കൽ | ചെലവ് തുക |
|---|---|---|---|---|
| 302/22 | 57/30.03.2022<br>1224319<br>വികസന ഫണ്ട്<br>എസ്.സി.പി | 400 രൂപ മുദ്രപത്രമുണ്ടെങ്കിലും കരാറിൽ നിബന്ധനകൾ രേഖപ്പെടുത്തുകയോ | 1224560<br>വികസന ഫണ്ട്<br>എസ്.സി.പി | 1224319 |

| | | | | |
|---|---|---|---|---|
| | | കരാർ ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല | | |

കരാർ ഉടമ്പടിയിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്ന തീയതിയോ പൂർത്തീകരിക്കേണ്ട തീയതിയോ രേഖപ്പെടുത്തി അസി. എക്സി. എഞ്ചിനീയർ, ചിറ്റൂരുമായി ഒപ്പു വെച്ചിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/10.02.2023 ന് മറുപടി ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബി. ചിറ്റൂരിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-17 ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ -അവലോകനം

മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന 2020 -സെപ്തംബർ 15 -ാം തീയതിയിൽ രൂപീകരിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയിൽ നിലവിൽ 24 പേർ അംഗങ്ങളായിട്ടുണ്ട്.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് കഴുകി വൃത്തിയാക്കി നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

യൂസർഫീ ഈടാക്കൽ

യൂസർഫീ ആയി വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയുമാണ് ഈടാക്കുന്നത്. യൂസർ ഫീ കളക്ഷൻ കൃത്യമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അടവാക്കുന്നുണ്ട്.

എം.സി.എഫ് സജ്ജീകരണങ്ങൾ

ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിച്ച മാലിന്യങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ 22 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന 22 എം.സി.എഫുകളിൽ ശേഖരിക്കുകയും പിന്നീട് പ്രധാന എം.സി.എഫിലേക്ക് മാറ്റുകയും ചെയ്യുന്നു.

ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

താഴെ പറയുന്ന പട്ടികയിലുള്ള പ്രൊജക്റ്റുകളിൽ പലതും ഉറവിടമാലിന്യ സംസ്കരണത്തിനുള്ള വ്യക്തിഗത പ്രൊജക്റ്റുകളാണ്. ഇത് പരോക്ഷമായാണ് ഹരിതകർമ്മ സേനയെ സഹായിക്കുന്നത്. വി.ഇ.ഒ, സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവ ഭാഗികമായേ നടപ്പിലാക്കിയിട്ടുള്ളൂ.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | മെറ്റീരിയൽ കളക്ഷൻ സെന്ററിന് അടിസ്ഥാന സൌകര്യമൊരുക്കൽ, സെഗ്രഗേഷൻ ടേബിൾ | 300000 | ചെലവഴിച്ചിട്ടില്ല |
| 2 | മാലിന്യ സംസ്കരണം സോക്ക്പിറ്റ് നിർമ്മാണം- വ്യക്തിഗതം | 1800000 | |
| 3 | ഉറവിട മാലിന്യ സംസ്കരണം - വ്യക്തിഗതം | 486200 | |

| | | | |
|---|---|---|---|
| 4 | ബയോബിൻ കിച്ചൻബിൻ വിതരണം | 361510 | |
| 5 | ഹരിതകർമ്മസേനാ മാലിന്യം ശേഖരിക്കുന്നതിനുള്ള മുച്ചക്ര വാഹനം വാങ്ങൽ | 425000 | 150000 |
| 6 | സാമൂഹ്യതല കമ്പോസ്റ്റിംഗ് സംവിധാനം (തുമ്പൂർമുഴി മോഡൽ ) | 325000 | ചെലവഴിച്ചിട്ടില്ല |
| 7 | മെറ്റീരിയൽ കളക്ഷൻ സെന്ററിന് ഇലക്ട്രിഫിക്കേഷൻ | 295860 | 295860 |
| 8 | ഹരിത കർമ്മ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | 159016 | 158703 |
| 9 | ഹരിത കർമ്മ സേനാംഗങ്ങൾക്ക് വേതനം | 406000 | 406000 |

കോവിഡ് രോഗ പ്രതിരോധത്തിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും ഹരിതകർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ, യൂണിഫോം, മാസ്ക് , സാനിറ്റൈസർ എന്നിവ നൽകിയിട്ടുണ്ട്.

മാലിന്യനീക്കത്തിനായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നുണ്ടെങ്കിലും 2021-22 ൽ ഒരു മുച്ചക്ര വാഹനം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

ഹരിത സഹായ സ്ഥാപനം:

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം സേനാ അംഗങ്ങൾക്ക് യൂസർഫീ പിരിവിൽ കാര്യക്ഷമത വരുത്തുവാൻ ഹരിത സഹായ സ്ഥാപനമായ IRTC-PIU മുണ്ടൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാലിന്യ ശേഖരണം, ഫീസ് പിരിവ് എന്നിവയുമായി ബന്ധപ്പെട്ട് വീട് വീടാന്തരം കയറിച്ചെന്ന് ജനങ്ങളെ ബോധവല്ക്കരിക്കുന്നതിലൂടെ യൂസർ ഫീ പിരിവിൽ വർദ്ധനവ് വരുത്താൻ സാധിച്ചിട്ടുണ്ട്. ബോധവൽക്കരണ ക്യാമ്പിലൂടെ 2 ലക്ഷം രൂപയുടെ യൂസർ ഫീ ജനവരി 2022 ൽ ലഭ്യമായിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്. ടി സ്ഥാപനത്തിന്റെ സേവനത്തിന് പ്രതിഫലമായി 121180 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകിയിട്ടുണ്ട്.

അജൈവ ഇ മാലിന്യങ്ങൾ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എന്നിവ സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് ട്രാഷ് ഗോൾഡ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, യൂസർ ഫീ പിരിവ് തുടർന്നും കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാത്ത മേൽ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 133 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 95 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 25എണ്ണം സ്പിൽ ഓവർ

പ്രവൃത്തികളും 70എണ്ണം പുതിയ പ്രവൃത്തികളുമാണ്. ₹42447235 വകയിരുത്തിയതിൽ ₹23079389 ആണ് ചെലവഴിച്ചിട്ടുള്ളത്. 54% ആണ് തൻവർഷത്തെ ആകെ ചെലവ്.

റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 4640320രൂപ വകയിരുത്തി 14 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 7 പ്രോജക്ടുകൾക്കായി 916309 രൂപ (വകയിരുത്തിയ തുകയുടെ 20%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

തൻ വർഷം റോഡ് റീടാറിംഗ് പ്രവൃത്തികൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്ന് 100000രൂപ വകയിരുത്തി സർവ്വെ ചെയ്യുന്നതിനായി 53760/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് (നം-2/15.02.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

2. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ ലാപ്സാവാതെ സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3.മോണിട്ടറിങ്ങ് കാര്യക്ഷമമാക്കേണ്ടതാണ്.

1-19 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല.
ഇൻവോയ്സുകൾ പ്രകാരം ഒരു ബാരലിലെ ബിറ്റുമിന്റെ അളവ് അനുസരിച്ചാണ് ബാരലിന്റെ എണ്ണം കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം - ഒരു ബാരലിലെ അളവ്

VG30 - 156 Kg

SS1 - 185 Kg

RS1 - 200 Kg

| ക്രമ നം | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം X വില (GST ഒഴികെ) |
|---|---|---|---|---|
| 1 | So 69/22 – പുലിക്കാട് രാജകുമാരൻ വീട് | ബിൽ നം. 55/30-03-2022 | SS1 – 266.40 | 9X 238 = 2142/- |

| | | | | |
|---|---|---|---|---|
| | മുതൽ ടാറിംഗ്<br>അടങ്കൽ – 450000 (മെയിന്റനൻസ് )<br>കരാറുകാരൻ – ശ്രീ. ശിവൻ.ജി<br>എഗ്രിമെന്റ് നം.:6/21-22 /6-12-2021<br>അളവ് പുസ്തകം – 854/20-21 | ചെലവ്: – 450000 | VG 30 – 1005.08 | |
| 2 | So88/22 – തേനാരി നായർത്തറ റോഡ് റീ ടാറിംഗ്<br>അടങ്കൽ – 450000 (മെയിന്റനൻസ് )<br>കരാറുകാരൻ – ശ്രീ. ശിവൻ.ജി<br>എഗ്രിമെന്റ് നം – 5/21-22 /6-12-2021<br>അളവ് പുസ്തകം – 58/21-22 | ബിൽ നം. 54/30-03-2022<br>ചെലവ്: – 450000/- | RS1 – 232.44 Kg<br>VG30 – 1903.96kg | 15x 238 = 3570/- |
| 3 | So71/22 – എലപ്പുള്ളി മന്ദം അമ്പലം റോഡ് മുതൽ ചീർമ്പക്കാവ് മന്ദം SNPS റോഡ് റീടാറിംഗ്<br>അടങ്കൽ – 450000 (മെയിന്റനൻസ് )<br>കരാറുകാരൻ – ശ്രീ. ബിജു.കെ<br>എഗ്രിമെന്റ് നം-80/21-22 /5-03-2022 | ബിൽ നം. 51/30-03-2022<br>ചെലവ്: – 450000/- | RS1 – 245kg<br>VG30 – 2282 Kg | 17 X 238= 4046/- |

| | | | | |
|---|---|---|---|---|
| | അളവു പുസ്തകം - 117/19-20 | | | |
| 4 | So72/22 - ചൂട്ടിപ്പാറ ബസ് സ്റ്റോപ്പ് റോഡ് മുതൽ മണ്ണക്കാട് റോഡ് റീടാറിംഗ്<br>അടങ്കൽ - 450000 (മെയിന്റനൻസ് )<br>കരാറുകാരൻ - ശ്രീ. ബിജു.കെ<br>എഗ്രിമെന്റ് നം-79(a)/21-22 /5-03-2022<br>അളവു പുസ്തകം - 61/21-22 | ബിൽ നം. 58/30-03-2022<br>ചെലവ്: - 450000/- | RS1 - 304.54kg<br>VG30 - 2568.91kg | 19 X 238= 4522/- |
| 5 | 70/22 - അത്താണിമുക്ക് മുതൽ കരുമ്പിയൻകോട് റോഡ് റീടാറിംഗ്<br>അടങ്കൽ - 450000 (മെയിന്റനൻസ് )<br>കരാറുകാരൻ - ശ്രീ. ബിജു.കെ<br>എഗ്രിമെന്റ് നം-44/21-22 /20-12-2021<br>അളവു പുസ്തകം - 83/21-22 | ബിൽ നം. 56/30-03-2022<br>ചെലവ്: - 450000/- | RS1 – 243.71 Kg<br>VG30 - 2101.98 Kg | 16 X 238 = 3808/- |
| 6 | 50/22 - ചെമ്പൻകുളമ്പ് മുതൽ കൂട്ടംബപ്പൊറ്റ വരെ മെറ്റലിങ്, ടാറിംഗ്<br>അടങ്കൽ - 500000 (മെയിന്റനൻസ് ) | ബിൽ നം. 50/30-03-2022<br>ചെലവ്: - 495889/- | SS1 - 304.54kg<br>VG30 - 2568.91kg | 19 X 238 = 4522/- |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ – ശ്രീ. വിനോദ്കുമാർ.സി<br>എഗ്രിമെന്റ് നം-73/21-22 /11-02-2022<br>അളവു പുസ്തകം – 78/21-22 | | | |
| 7 | 48/22 – പരക്കല്ലൂട്ട്ചള്ള റോഡ് റീടാറിംഗ്<br>അടങ്കൽ – 450000 (മെയിന്റനൻസ് )<br>കരാറുകാരൻ – ശ്രീ. വിനോദ്കുമാർ.സി<br>എഗ്രിമെന്റ് നം-110/20-21 /21-10-2020<br>അളവു പുസ്തകം – 82/21-22 | ബിൽ നം. 48/30-03-2022<br>ചെലവ്: – 445500/- | SS1 – 224.40 Kg<br>RS1 – 284.63 Kg<br>VG30 – 2436.47 Kg | 20 X 238= 4760/- |
| 8 | 65/22- ചെറുനെല്ലി റോഡ് മെറ്റലിങ്ങ്, ടാറിംഗ്, നെയ്ത്തല ചെട്ടിയാർത്തറ വാട്ടർ ടാങ്ക് റോഡ് മെറ്റലിങ്ങ്, ടാറിംഗ്<br>അടങ്കൽ – 450000 (മെയിന്റനൻസ് )<br>കരാറുകാരൻ – ശ്രീ. ബിജു.കെ<br>എഗ്രിമെന്റ് നം-32/21-22 /17-12-2021<br>അളവു പുസ്തകം – 56/21 - 22 | ബിൽ നം. 42/19-03-2022<br>ചെലവ്: – 450000/- | SS1 – 576.25 Kg<br>VG30 – 1361.33 Kg | 13 X 238 = 3094/- |

| | | | | |
|---|---|---|---|---|
| 9 | 63/22 – PN ചള്ള റോഡ് റീടാറിംഗ് അടങ്കൽ – 450000 (മെയിന്റനൻസ് ) കരാറുകാരൻ – ശ്രീ. ബിജു.കെ എഗ്രിമെന്റ് നം-31/21-22 /17-12-2021 അളവ് പുസ്തകം – 52/21-22 | ബിൽ നം. 41/19-03-2022 ചെലവ്: – 450000/- | SS1 – 298.14 Kg VG30 – 1513.68 Kg | 12 X 238 = 2856/- |
| 10 | 59/22- കള്ളാന്തോട് റോഡ് റീടാറിംഗ് അടങ്കൽ – 450000 (മെയിന്റനൻസ് ) കരാറുകാരൻ – ശ്രീ. സുകമാരൻ എഗ്രിമെന്റ് നം-16/21-22 /13-12-2021 അളവ് പുസ്തകം – 80/21-22 | ബിൽ നം. 71/30-03-2022 ചെലവ്: – 450000/- | SS1 – 516.37 Kg RS1 – 218.62 VG30 – 1714. 50 Kg | 15x 238= 3570/- |
| 11 | 210/22- എലിയപ്പാടം റോഡ് റീടാറിംഗ് അടങ്കൽ – 490000 (മെയിന്റനൻസ് ) കരാറുകാരൻ – ശ്രീ. സ്വരൂപ്.വി എഗ്രിമെന്റ് നം-106/20-21 /21-10-2020 അളവ് പുസ്തകം – 853/20-21 | ബിൽ നം. 69/30-03-2022 ചെലവ്: – 485454/- | SS1 – 461.55kg VG30 – 1145.73 Kg | 11 X 238= 2618/- |
| 12 | 24/22- മടച്ചിപ്പാടം | ബിൽ നം. 25/28-02-2022 | VG30 – 1560. 98 Kg | 10 X 238 = 2380/- |

| | | | | |
|---|---|---|---|---|
| | പഞ്ചായത്ത് കിണർ റോഡ് റീടാറിംഗ്<br>അടങ്കൽ – 400000 (മെയിന്റനൻസ് )<br>കരാറുകാരൻ – ശ്രീ. കിരൺ.കെ<br>എഗ്രിമെന്റ് നം-96/20-21 /21-10-2020<br>അളവു പുസ്തകം – 28/21-22 | ചെലവ്: – 400000/- | | |
| 13 | 68/22-മാണിക്കത്ത് കളം ദേശാഭിമാനി റോഡ് മെറ്റലിങ്ങ്, ടാറിംഗ്<br>അടങ്കൽ – 450000 (മെയിന്റനൻസ് )<br>കരാറുകാരൻ – ശ്രീ. രാധാകൃഷ്ണൻ.എം<br>എഗ്രിമെന്റ് നം-24/21-22 /17-12-2021<br>അളവു പുസ്തകം – 68/21-22 | ബിൽ നം. 62/30-03-2022<br>ചെലവ്: – 450000/- | SS1 – 302.56 Kg<br>VG30 – 714.75 Kg | 7x 238 = 1666/- |
| 14 | 211/22-മണിയേരി നെല്ലിക്കാംപുള്ളി റോഡ് റീടാറിംഗ്<br>അടങ്കൽ – 490000 (മെയിന്റനൻസ് )<br>കരാറുകാരൻ – ശ്രീ. സുനിൽ.എസ്<br>എഗ്രിമെന്റ് | ബിൽ നം. 35/11-03-2022<br>ചെലവ്: – 268678/- | RS1 – 216.30 Kg<br>VG30 – 2092.89 Kg | 16x 238 = 3808/- |

| | | | | |
|---|---|---|---|---|
| | നം-84/20-21 /18-10-2020<br>അളവു പുസ്തകം - 846/20-21 | | | |
| 15 | 60/22- ചാന്തംപുള്ളി റോഡ് റീടാറിംഗ്<br>അടങ്കൽ - 450000 (മെയിന്റനൻസ് )<br>കരാറുകാരൻ - ശ്രീ. സുനിൽ. എസ്<br>എഗ്രിമെന്റ് നം-36/21-22 /18-12-2021<br>അളവു പുസ്തകം - 43/21-22 | ബിൽ നം. 36/11-03-2022<br>ചെലവ്: - 450000/- | SS1 - 96.49 Kg<br>RS1 - 354.75 Kg<br>VG30 - 2905.87 Kg | 22x 238 = 5236/- |
| | | | | ആകെ ബാരൽ വില - 52598 + 9468 GST(18%) |

ബാരലിന്റെ വിലയായ 52598രൂപയും CGST, SGST ഇനങ്ങളിലായി ആകെ 9468 രൂപയും കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ബാരലുകളുടെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/17.02.23) തുക അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.

1-20 ഗുണഭോക്താക്കൾക്ക് തുക ലഭ്യമായ വിവരം ഉറപ്പുവരുത്തിയിട്ടില്ല

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പാടശേഖരസമിതികളുടെ കീഴിലായി രജിസ്റ്റർ ചെയ്ത കർഷകർക്ക് നെൽകൃഷിക്ക് കൂലിചെലവു നൽകുകയാണ് 6/22 പ്രോജക്റ്റിന്റെ ലക്ഷ്യം.

വെബ് സാംഖ്യയിൽ നിന്നുള്ള ഏതാനും ബില്ലുകളുടെ ക്രെഡിറ്റ് സ്റ്റാറ്റസ് പരിശോധിച്ചതിൽ ചില കർഷകരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യപ്പെടാതെ Return To Govt. Account എന്ന സ്റ്റാറ്റസാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | IFSC കോഡ് | ബാങ്ക് അക്കൗണ്ട് നം. | ബിൽ കൺട്രോൾ കോഡ് | തുക |
|---|---|---|---|---|---|
| 1 | കൃഷ്ണവേണി | SIBL0000022 | 0022053000018725 | 21140152019600592844 | 1616 |
| 2 | സന്തോഷ്ബാബു | ,, | 0022053000006966 | ,, | 680 |

| | | | | | |
|---|---|---|---|---|---|
| | എസ് | | | | |
| 3 | ശാന്തകുമാരി കെ ആർ | UTIB0SPKD21 | 00106200000845 | ,, | 4556 |
| 4 | സതീശൻ സി | ,, | 00106200001844 | ,, | 4191 |
| 5 | സുനിത എ | ,, | 00106200001168 | ,, | 2284 |
| 6 | വിവേക് എം | ,, | 00201010003787 | ,, | 583 |
| 7 | ഭാർഗ്ഗവി | PUNB0428700 | 4287001700001779 | 21140152019600680156 | 273 |
| 8 | ഗിരീഷ് ടി | UTIB0SPKD21 | 00106200000008 | ,, | 1792 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഉഴവുകൂലിയിനത്തിൽ അർഹതപ്പെട്ട തുക ലഭ്യമാകാതെ Return To Govt. എന്ന് സാംഖ്യയിൽ സ്റ്റാറ്റസ് കാണുന്നതിനുള്ള കാരണം, തുക പിന്നീട് ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലാത്തപക്ഷം തുക ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/21.02.23) പി ഡി സി ബാങ്കിൽ അക്കൗണ്ടുള്ള ചില കർഷകരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടില്ലെന്നും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഓഡിറ്റ് നിർദേശം

പ്രൊജക്റ്റ് പ്രകാരമുള്ള എല്ലാ ബില്ലുകളും പരിശോധിക്കേണ്ടതും ചെലവായ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക നിലവിൽ ഏത് ഹെഡിലാണുള്ളതെന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് ഉറപ്പാക്കി തുക ഗുണഭോക്താവിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
ഗുണഭോക്താക്കൾ മരണപ്പെട്ടത്, അക്കൗണ്ട് ക്ലോസ് ചെയ്തത് എന്നീ വിഷയങ്ങളിൽ രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നടപ്പിലാക്കുന്ന പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥൻ ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തി ഗുണഭോക്താവിന് അർഹതപ്പെട്ട തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-21 സി പി ആർ സി എസ് മുഖേനയുള്ള വാങ്ങൽ - ഉപകരണം ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് - 113/22, കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

അടങ്കൽ - 100000 ( മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് - 99602

ബിൽ നം. - 29/21-22/11-03-22 -39797, 30/21-22/11-03-22 -59805

പ്രൊജക്റ്റ് പ്രകാരം CPRCS മുഖേന കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് (ട്രഷറി അക്കൗണ്ട് നം. 799011400003959) പ്രൊഫോമ ഇൻവോയ്സ് നം.TVM/ITBG/PI/RC /35900/20-21/02.03.22 പ്രകാരം ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറിന് 39797രൂപയും TVM/ITBG/PI/RC /3590/20-21/02.03.22 പ്രകാരം A3 പ്രിന്ററിന് 59805രൂപയും കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്രിന്റർ ലഭ്യമായിട്ടില്ല. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 15/20.02.23 നൽകിയതിന് പല തവണ ടെലഫോൺ, ഇ-മെയിൽ സന്ദേശം എന്നിവ വഴി അന്വേഷണം നടത്തുകയും കെൽട്രോണിന്റെ നിർദേശ പ്രകാരം പുതുക്കിയ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്, കാലതാമസം സംഭവിച്ചത് ഈ കാര്യാലയത്തിൽ നിന്നുമല്ല എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സി പി ആർ സി എസുമായി ബന്ധപ്പെട്ട് ഉപകരണം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. ഉപകരണം ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

1-22 KMSCL-ന് കൈമാറിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല

1)

| | |
|---|---|
| പ്രൊജക്ട് | 47/22, NCD മരുന്ന വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ | 50000 (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 47785 |
| ബിൽ നം./തീയതി | 10/22.11.21 |

2)

| | |
|---|---|
| പ്രൊജക്ട് | 45/22, പെയിൻ - പാലിയേറ്റീവ് കെയർ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ | 300000 (വികസനഫണ്ട്-പൊതുവിഭാഗം)<br>300000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 276171 (വികസനഫണ്ട്-പൊതുവിഭാഗം)<br>199982 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ബിൽ നം./തീയതി | 1/07.07..21 – 32000<br>2/07.07..21 – 32780<br>3/07.07..21 – 29750<br>4/07.07..21 – 30985<br>5/16.07..21 – 34775<br>6/18.08..21 – 21450<br>7/14.09..21 – 34110<br>8/13.10..21 – 39525<br>9/22.11..21 – 20796<br>11/10.12..21 – 90942<br>13/15.01.22 – 37565<br>14/14.02.22 – 30285<br>15/09.03.22 – 36385<br>16/26.03.22 - 4805 |

മേൽ പരാമർശിച്ച പ്രൊജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL) കൈമാറിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | കൈമാറിയ തുക, ബിൽ നം/ തീയതി | മരുന്ന് ലഭിച്ചത് | | ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നം | തുക | |
| 1 | 47/22 | 47785, 10/22.11.21 | 10420/24.12.21 | 17096 | 4303 |
| | | | 13228/16.02.22 | 13181 | |
| | | | 13230/16.02.22 | 5600 | |

| | | | | | |
|---|---|---|---|---|---|
| | | | 16305/07.11.22 | 1769 | |
| | | | 12999/04.10.22 | 5836 | |
| 2 | 45/22 | 58252, 11/21-22 /10.12.21 | 9820/31.08.22 | 15846 | 7842 |
| | | | 11014/15.09.22 | 5465 | |
| | | | 14661/07.03.22 | 28611 | |
| | | | 16214/05.11.22 | 488 | |

ഓഡിറ്റ് അന്വേഷണം (8/17.02.23) നൽകിയതിന് ബാക്കി തുകയ്ക്കുള്ള (ആകെ 12145രൂ) മരുന്ന് ലഭ്യമാക്കാൻ കെ എം എസ് സി എൽ- ന് ഫോൺ, ഇ മെയിൽ എന്നിവയിലൂടെ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമായതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-23 കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്ട് - 21/22, കന്നുകുട്ടി പരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

അടങ്കൽ - 312500 (വികസന ഫണ്ട് ജനറൽ)

ചെലവ് - 312500 (വികസന ഫണ്ട് ജനറൽ)

ബിൽ നം./തീയതി - 2/19-01-22

50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 312500 രൂപ Calf Feed Subsidy Programme അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ടിന്റെ നിലവിലെ സ്ഥിതി, തുകയുടെ വിനിയോഗ വിവരം എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (9/17.02.23) നൽകിയതിന് പ്രൊജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് | 240/22, എണ്ണപ്പാടം അങ്കണവാടി പോസ്റ്റ് , ലൈൻ മാറ്റി സ്ഥാപിക്കൽ - കെ എസ് ഇ ബി ഡെപ്പോസിറ്റ് |
| അടങ്കൽ | 39152 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ) |
| ചെലവ് | 39152 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| ബിൽ നം./തീയതി | 2/21-22/24.09.21 |

എണ്ണപ്പാടം അങ്കണവാടി കെട്ടിടത്തിൽ വയറിംഗ് പൂർത്തീകരിച്ചതിനു ശേഷം പോസ്റ്റും ലൈനും സ്ഥാപിക്കുന്നതിനായി കെ എസ് ഇ ബി എലപ്പുള്ളി സെക്ഷന്റെ എസ്റ്റിമേറ്റ് പ്രകാരം (Lr No. DB16/letters/Epy/20-21/51 Dt 10.08.2) 39152രൂ അസിസ്റ്റന്റ് എഞ്ചിനീയർ, എലപ്പുള്ളി സെക്ഷന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം, കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഓഡിറ്റ് അന്വേഷണം നം. 12/17.02.23 മുഖേന

രേഖകൾ ആവശ്യപ്പെട്ടതിന് നിലവിൽ പണി പൂർത്തിയായിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രത്തിനായി കെ എസ് ഇ ബി-യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ്.

1-25 സ്കൂളുകൾക്ക് ഷീപാഡ് വിതരണം - കൈമാറിയ തുകയ്ക്കുള്ളത് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 38/22, ഷീ പാഡ് പദ്ധതി |
| അടങ്കൽ | 25000 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 24994 (വികസന ഫണ്ട്-പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി യു പി എസ് എലപ്പുള്ളി |
| ബിൽ നം./തീയതി | 13/21-22/19.03.22 |

പ്രൊജക്റ്റ് നിർവഹണത്തിന്റെ ഭാഗമായി 5312 പായ്ക്ക് ഷീ പാഡ് (16.71 രൂപ പ്രകാരം ആകെ ചെലവ് 88764) പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്കായി ആവശ്യപ്പെട്ടതായും 2018-19, 2019-20 വർഷങ്ങളിലെ ഷീ പാഡ് പ്രൊജക്റ്റിനായി കൈമാറിയ തുകയിൽ KSWDC-യിൽ ശേഷിക്കുന്ന 63770 രൂപ കഴിച്ച് ബാക്കി തുകയായ 24994രൂപ നൽകുവാനും KSWDC-യുടെ KSWDC/P5/She-pad/20-21/28.12.21 നം. കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ചെലവുരേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചേർക്കുന്നു.

1. ഇൻവോയ്സുകളുടെ വിശദാംശം

KSWDC-യുടെ രണ്ട് ഇൻവോയ്സുകൾ മാത്രമാണ് ലഭ്യമാക്കിയ ചെലവുരേഖകളോടൊപ്പമുള്ളത്. ഇൻവോയ്സുകൾ പ്രകാരം 30532രൂപയ്ക്ക് 2010പായ്ക്കുകളാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നം | ഇൻവോയ്സ് നം./തീയതി | നിരക്ക്, എണ്ണം | ആകെ തുക |
|---|---|---|---|
| 1 | 9425012927-55/17.03.22 | 15.19, 1110 | 16861 |
| 2 | 9425012927-55/17.03.22 | 15.19, 900 | 13671 |

2. ഫയലിൽ ലഭ്യമായ കൈപ്പറ്റ് രശീതികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | സ്കൂൾ | ലഭ്യമായ പായ്ക്കുകൾ |
|---|---|---|
| 1 | ജി എച്ച് എസ് തേനാരി | 900 |
| 2 | ജി യു പി എസ് എലപ്പുള്ളി | 1110 |
| 3 | ജി എ പി എച്ച് എസ് എലപ്പുള്ളി | 900 |
| 4 | ജി എ പി എച്ച് എസ് എസ് എലപ്പുള്ളി | 900 |
| | ആകെ | 3810 |

കൈപ്പറ്റ് രശീതികൾ പ്രകാരം 3810 പായ്ക്കുകൾ ലഭ്യമായതായി രേഖപ്പെടുത്തിയിരിക്കുന്നു.

3. സ്റ്റോക്ക് രജിസ്റ്ററിലെ വിവരം

സ്റ്റോക്ക് രജിസ്റ്ററിൽ ജി എച്ച് എസ് തേനാരി, ജി യു പി എസ് എലപ്പുള്ളി, ജി എ പി എച്ച് എസ് എലപ്പുള്ളി, ജി എ പി എച്ച് എസ് എസ് എലപ്പുള്ളി എന്നീ സ്കൂളുകൾ കൈപ്പറ്റിയ ഷീപാഡുകളുടെ എണ്ണം യഥാക്രമം 900, 1110, 900, 900 ആയി രേഖപ്പെടുത്തിയിരിക്കുന്നു.

KSWDC-ൽ നിന്നും, കൈമാറിയ തുകയ്ക്കുള്ള ഷീപാഡുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഇൻവോയ്സുകൾ, വിതരണ രേഖകൾ, കൈപ്പറ്റ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (14/20.02.23) നൽകിയതിന് KSWDC, സ്കൂളുകൾക്ക് നേരിട്ട് ഷീപാഡുകൾ

വിതരണം ചെയ്തതിനാൽ ഇൻവോയ്സുകൾ സ്കൂളുകളിലാണ് ലഭ്യമായിട്ടുള്ളത്, ഇവ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ഇൻവോയ്സ് പ്രകാരം ലഭ്യമായ 2010 പായ്ക്കുകളുടെ വില കഴിച്ചുള്ള 58232 രൂപ തടസ്സത്തിൽവെക്കുന്നു. തുടർനടപടികളുടെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-26 ബഡ്സ് സ്കൂൾ പ്രവർത്തനം

| | |
|---|---|
| പ്രൊജക്ട് | 7/22, ബഡ്സ് സ്കൂൾ ടീച്ചർമാരുടെ ശമ്പളവും അനുബന്ധ ചെലവുകളും |
| അടങ്കൽ | 1650000 (1250000 സംസ്ഥാനവിഹിത ഫണ്ട്, 400000- തനത് ഫണ്ട് ) |
| ചെലവ് | 494298 (394298- സംസ്ഥാനവിഹിത ഫണ്ട്, 100000- തനത് ഫണ്ട് ) |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം./തീയതി | Sanction Order No. 391/27.03.22 -100000,<br>390/27.03.22 - 394298 |

പ്രൊജ്ക്ട് ലക്ഷ്യം

ബഡ്സ് സ്കൂൾ ടീച്ചർമാരുടെ ശമ്പളവും അനുബന്ധ ചെലവുകളും നടത്തുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം.

പ്രൊജക്ട് ചെലവ്

A)ബഡ്സ് സ്കൂളിനാവശ്യമായ ഫർണിഷിംഗ് വർക്കുകൾക്കും, ഫർണിച്ചറുകളും പാത്രങ്ങളും വാങ്ങുന്നതിനുമാണ് തുക ചെലവഴിച്ചിരിക്കുന്നത്.

ബഡ്സ് സ്കൂളിനാവശ്യമായ ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് 11.08.21 ൽ ഭരണസമിതി (നം.11.4 തീരുമാനം)തീരുമാനിക്കുകയും 20.12.2021-ലെ 5(1) നം. തീരുമാന പ്രകാരം സിഡ്കോ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിക്കുകയും തുടർന്ന് Inv No. PKD/21-22/111/10.03.22 പ്രകാരം 394298രൂ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നതിനാവശ്യമായ പാത്രങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ അലങ്കാർ മെറ്റൽസ് , പാലക്കാട് ന്റെ ടെണ്ടർ 04.12.21-ലെ 3/1 നം. തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. Inv No. 782/24.03.22 പ്രകാരം 100000രൂപ പാത്രങ്ങളുടെ വിലയായി നൽകിയിട്ടുണ്ട്.

അപാകങ്ങൾ

A) പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പേ തന്നെ സ്കൂളിനായുള്ള ഫർണിച്ചറുകൾ, പാത്രങ്ങൾ എന്നിവ വാങ്ങിയിരിക്കുന്നു.

B) ഫർണിച്ചറുകൾ, പാത്രങ്ങൾ എന്നിവയുടെ ഇൻവോയ്സ് സ്റ്റോക്ക് രജിസ്റ്ററിൽ പതിച്ചിട്ടുണ്ടെങ്കിലും ഇവ ബഡ്സ് സ്കൂളിനു കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

C) ബഡ്സ് സ്കൂൾ ടീച്ചർമാരുടെ ശമ്പളമുൾപ്പെടെയാണ് 1625000രൂപയുടെ അടങ്കൽ പ്രൊജക്ടിനായി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ഈ ശമ്പളമിനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

മേൽപ്പറഞ്ഞവയ്ക്കുള്ള വിശദീകരണം, ബഡ്സ് സ്കൂൾ കെട്ടിടത്തിന്റെ മുഴുവൻ വർക്കും കഴിഞ്ഞ്

പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ഓഡിറ്റ് അന്വേഷണം 17/20.02.23 മുഖേന ആവശ്യപ്പെട്ടതിന് നിലവിൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ പാത്രങ്ങൾ പഞ്ചായത്ത് ഓഫീസിലും ഫർണിച്ചറുകൾ ബഡ്സ് സ്കൂളിലും സൂക്ഷിച്ചിട്ടുണ്ടെന്നും ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും പ്രവർത്തനം ആരംഭിക്കാത്തതിനാൽ ടീച്ചറുടെ ശമ്പളം ഇനത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നും മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദേശം

ബഡ്സ് സ്കൂൾ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ഇതിനായി വാങ്ങിയ പാത്രങ്ങൾ, ഫർണിച്ചറുകൾ എന്നിവ സ്കൂൾ പ്രവർത്തനത്തിനായി കൈമാറേണ്ടതുമാണ്. ഏറ്റെടുക്കുന്ന പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

1-27 ജി എസ് ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടില്ല

താഴെപ്പറയുന്ന പ്രൊജക്ടുകളിൽ വാങ്ങലിൽ ജി എസ് ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടില്ല.

I)

| | |
|---|---|
| പ്രൊജക്ട് | 40/22, വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി യു പി എസ് എലപ്പുള്ളി |
| അടങ്കൽ | 400000 (മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്) |
| ചെലവ് | 400000 |
| ബിൽ നം./തീയതി | 7/21-22/24.11.21 |

സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി 4ലക്ഷം രൂപ ആർട്ട്കോ-യ്ക്ക് പ്രൊജക്ട് പ്രകാരം നൽകിയിട്ടുണ്ട്. ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഇനം, സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രശീതികൾ എന്നിവ പ്രകാരം Compact Dual Desk And Bench Wooden Top And Back Rest And Shelf Size 120x30x60 ലഭ്യമായതായി രേഖപ്പെടുത്തിയിരിക്കുന്നു.

Ii)

| | |
|---|---|
| പ്രൊജക്ട് | 39/22, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി യു പി എസ് എലപ്പുള്ളി |
| അടങ്കൽ | 600000രൂ (വികസനഫണ്ട് - എസ് സി പി) |
| ചെലവ് | 435000രൂ |
| ബിൽ നം./തീയതി | 11/21-22/19.03.22 – 54891, 12/21-22 /19.03.22 – 352331, 17/21-22/25.03.22 – 27778 |

പഠനത്തിന് സഹായകമാകുന്നതിനായി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങിനൽകുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഇതിനായി ആർട്കോയിൽ നിന്നും Steel Table With Cupboard Innerone Partition 90x45x75, Steel Chairഎന്നിവ 87എണ്ണം ഇൻവോയ്സ് നം.398/21.02.22,

297/21.02.22, 426/10.03.22 (ആകെ 435000രൂ) പ്രകാരം വാങ്ങിയിട്ടുണ്ട്.

മുകളിൽ പറഞ്ഞ രണ്ടു പ്രൊജക്ടുകളിലും വാങ്ങലിൽ ജി എസ് ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ടി.ഡി.എസ് (Tax Deduction At Source) നടത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്താതിരുന്നത് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/20.02.23) നിലവിൽ നടപ്പിലാക്കിവരുന്ന പ്രോജക്ടുകളിൽ ഇപ്രകാരം നികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യുന്നുണ്ട് എന്ന് അറിയിച്ചു.

2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലിന് നിയമാനുസൃതമായ കിഴിവുകൾ നടത്തിയതിനുശേഷം മാത്രം തുക അനുവദിക്കേണ്ടതും സർക്കാർ ഉത്തരവുകൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

1-28 ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങൽ നടത്തി

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് | 40/22, വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 400000 (മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്) |
| ചെലവ് | 400000 |
| ബിൽ നം./തീയതി | 7/21-22/24.11.21 |

സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി 4ലക്ഷം രൂപ ആർട്ട്കോ-യ്ക്ക് പ്രൊജക്ട് പ്രകാരം നൽകിയിട്ടുണ്ട്. ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഇനം, സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രശീതികൾ എന്നിവ പ്രകാരം Compact Dual Desk And Bench Wooden Top And Back Rest And Shelf Size 120x30x60 ലഭ്യമായതായി രേഖപ്പെടുത്തിയിരിക്കുന്നു.

li)

| | |
|---|---|
| പ്രൊജക്ട് | 39/22, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 600000രൂ (വികസനഫണ്ട് - എസ് സി പി) |
| ചെലവ് | 435000രൂ |
| ബിൽ നം./തീയതി | 11/21-22/19.03.22 – 54891, 12/21-22 /19.03.22 – 352331, 17/21-22/ 25.03.22 -27778 |

പഠനത്തിന് സഹായകമാകുന്നതിനായി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങുകയാണ് പ്രൊജക്ടിന്റെ ലക്ഷ്യം. ഇതിനായി ആർട്കോയിൽ നിന്നും Steel Table With Cupboard Innerone

Partition 90x45x75, Steel Chairഎന്നിവ 87എണ്ണം ഇൻവോയ്സ് നം.398/21.02.22, 297/21.02.22, 426/10.03.22 എന്നിവ പ്രകാരം വാങ്ങിയിട്ടുണ്ട്.

മുകളിൽ പറഞ്ഞ രണ്ടു പ്രൊജക്ടുകളിലെയും വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

A) സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണിച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കഷേൻ പ്രകാരമുള്ള ഫർണിച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായിട്ടില്ല.

B) ജി.ഒ(ആർടി)നം. 1/2021/SPD തിയതി 05.02.21 പ്രകാരം ARTCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 4/2018/SPD തിയതി 02.02.2018 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ പ്രൈസ് ലിസ്റ്റിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ ഉൾപ്പെടുന്നില്ല. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ച് ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തേണ്ടതും ആയതിൽ ARTCO- വിനും പങ്കെടുക്കാവുന്നതുമാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/20.02.23) ഭാവിയിൽ സർക്കാർ ഉത്തരവുകൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ, ബാധകമായ സർക്കാർ ഉത്തരവുകൾ എന്നിവ കർശനമായി പാലിക്കേണ്ടതാണ്.

## 1-29 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് | 40/22, വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 400000 (മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ്) |
| ചെലവ് | 400000 |
| ബിൽ നം./ തീയതി | 7/21-22/24.11.21 |

സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി 4ലക്ഷം രൂപ ആർട്കോ-യ്ക്ക് പ്രൊജക്ട് പ്രകാരം നൽകിയിട്ടുണ്ട്. ചെലവുരേഖകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ആർട്ട്കോയിൽനിന്നും ലഭ്യമായ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 30.07.21-ന് പ്രൊജക്ട് പ്രകാരം Compact Dual Desk And Bench Wooden Top And Back Rest Shelf Size 120x30x60 ലഭ്യമായതായും വിതരണം ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നതല്ലാതെ ലഭ്യമായ ഉപകരണങ്ങളുടെ ഇനം, സ്പെസിഫിക്കേഷൻ, വില എന്നിവ ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളൊന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/20.02.23) ആർട്കോയുടെ ഇൻവോയ്സ്, വിതരണ രേഖകൾ, കൈപ്പറ്റ് രേഖകൾ എന്നിവ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ഉപകരണങ്ങൾ ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവുതുക 400000/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-30 പട്ടികജാതിക്കാരായ സാധുക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം

| | |
|---|---|
| പ്രൊജക്ട് | 5/22, എസ് സി വിവാഹ ധനസഹായം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1125000 (വികസനഫണ്ട് - എസ് സി പി) |
| ചെലവ് | 1125000 |
| ബിൽ നം./തീയതി | 2/21-22/10.08.21-225000, 3/21-22 /30.11.21-375000, 4/21-22 /19.02.22-300000, 5/21-22 /17.03.22-225000 |

17.09.18-ലെ സ.ഉ(കൈ)നം.2438/2018/തസ്വഭവ പ്രകാരം വിവാഹ ധനസഹായത്തിനുള്ള അപേക്ഷ, വിവാഹം നടന്ന് 180 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. സമയപരിധിയ്ക്കകം അപേക്ഷിക്കാത്ത കേസുകളിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച രമ്യ ആർ (D/o.അംബുജം W/o രാജൻ, ചാലായ് കളം, തേനാരി)-യുടെ വിവാഹം നടന്നിരിക്കുന്നത് 22.03.20-നാണ്. ഗുണഭോക്താവ് അപേക്ഷ നല്കിയിരിക്കുന്നതും പഞ്ചായത്ത് കൈപ്പറ്റിയിരിക്കുന്നതും 16.02.21-തീയതിയിലാണ്. രഞ്ജിനി (D/o ലക്ഷ്മി വി, ലക്ഷ്മി നിവാസ്, മാണിക്കത്ത് കളം, നല്ലേപ്പിള്ളി എന്നവരുടെ വിവാഹം നടന്നിരിക്കുന്നത് 24.03.21-ലാണ്. അപേക്ഷ നൽകിയിരിക്കുന്നത് 07.10.21-തീയതിയിലാണ്. എന്നാൽ മേൽപരാമർശിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്ടിലുൾപ്പെടുത്തി വിവാഹധനസഹായമായി 75000രൂപ വീതം നൽകിയിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ 19/20.02.23 നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുപാലിക്കാതെ ധനസഹായം അനുവദിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-31 വൃദ്ധർക്ക് കട്ടിൽ - പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ട് | 12/22, വൃദ്ധർക്ക് കട്ടിൽ |
| നിർവഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 1000990 (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 907284 |
| ബിൽ നം./തീയതി | 13/21-22/26.02.22-451492, 14/21-22 /26.02.22-455792 |

പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) ഭരണസമിതിയുടെ 12.10.21-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം 304 പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിക്കുകയും പ്രൊജക്ടിനായുള്ള കട്ടിൽ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് 10.02.22-തീയതി നിർവഹണ ഉദ്യോഗസ്ഥ സിഡ്കോയുമായി കരാറിലേർപ്പെടുകയും ചെയ്തിരിക്കുന്നു. ഇതിനായി 4299.92രൂ നിരക്കിൽ ഇൻവോയ്സ് നം. PKD/21-22/75/18.02.2 പ്രകാരം (ആകെ 451492രൂ) 105

കട്ടിലും PKD/21-22/74/18.02.22 പ്രകാരം (ആകെ 455192രൂ) 106 കട്ടിലും വാങ്ങിയിട്ടുണ്ട്. വിതരണ രേഖകൾ പരിശോധിച്ചതിൽ വാങ്ങിയ 211 കട്ടിലുകളിൽ 209 എണ്ണമാണ് വിതരണം ചെയ്തിട്ടുള്ളത്.

B) ഭരണസമിതിയുടെ 12.10.21-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 304 പേരുടെ ഗുണഭോക്തൃ പട്ടികയിലെ ക്രമ നം. 1- ആയി തിരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താവ് ശ്രീമതി ശാരദാംബാൾ (ആധാർ നം. 825521489675) 09.10.21-ന് മരണമടയുകയും രജിസ്ട്രേഷൻ നം.310/21/19.11.21 പ്രകാരം മരണം ഈ പഞ്ചായത്തിൽ തന്നെ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം ശ്രീമതി ശാരദാംബാളിന് കട്ടിൽ വിതരണം ചെയ്തിരിക്കുന്നു. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പ്രൊജക്ടിനായി കട്ടിൽ വാങ്ങിയിരിക്കുന്നതും വിതരണം ചെയ്തിരിക്കുന്നതും 19.02.22-ലാണ്. (വിതരണ രജിസ്റ്റർ പേജ് നം-74,75)

C) ജി.ഒ(ആർടി)നം. 10/2021/SPD തീയതി 03.03.21 പ്രകാരം SIDCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട മര, സ്റ്റീൽ ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 33/2017/SPD തീയതി 17.06.2017 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ റേറ്റ് കോൺട്രാക്ട് ഉത്തരവിൽ SIDCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ വിശദാംശം നൽകിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിനായി ഇതിലുൾപ്പെടാത്ത ഫർണിച്ചർ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു.

D) ഇ-ടെണ്ടർ നടത്തിയിട്ടില്ല - സ.ഉ(പി)നം.259/2010/LSGD തിയതി 8-11-2010 പ്രകാരം നേരിട്ട് റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുന്നതിനുള്ള പരിധി 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടത്തേണ്ടതാണ്. മേൽ വാങ്ങലുകളിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

അപാകങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/21.02.23) പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതാണെന്നും വിതരണം ചെയ്യാത്ത കട്ടിലുകൾ പഞ്ചായത്ത് ഓഫീസിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നും അർഹരായ ഗുണഭോക്താക്കൾക്ക് കൈപ്പറ്റുവാൻ വരാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും ഉടൻതന്നെ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചു. ഗുണഭോക്താവ് മരണമടഞ്ഞ വിവരം വിതരണ സമയത്ത് അറിഞ്ഞിരുന്നില്ല എന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. ക്രമ നം. A, B എന്നിവയിൽ പരാമർശിച്ച പ്രകാരം വിതരണം ചെയ്യാത്തതും അനർഹമായി വിതരണം ചെയ്തതുമായ മൂന്നു കട്ടിലുകളുടെ വില 12900രൂ തടസ്സപ്പെടുത്തുന്നു. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.
2. ക്രമ നം. C-യിൽ സർക്കാർ ഉത്തരവു പ്രകാരമുള്ള റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ട ഇനങ്ങൾ മാത്രം സിഡ്കോ, ആർട്കോ തുടങ്ങിയ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങേണ്ടതും അപ്രകാരമല്ലാത്ത ഇനങ്ങളുടെ വാങ്ങലിൽ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. ക്രമ നം.d-യിൽ സർക്കാർ ഉത്തരവ് പാലിച്ച് 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകളിൽ ഇ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

